**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1233 06/02/2020-ൽ മറുപടിയ്ക്ക്

# പൊതുവിദ്യാലയങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി**<br>**,, സി.കൃഷ്ണൻ**<br>**,, എം. നൗഷാദ്**<br>**,, രാജു എബ്രഹാം** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിൽ ജൈവ വൈവിധ്യ ഉദ്യാനങ്ങൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) ഉണ്ട്. വിദ്യാലയത്തിനു ചുറ്റുമുള്ള ജൈവവൈവിധ്യത്തെക്കുറിച്ച് അറിയുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള താൽപര്യം വിദ്യാർത്ഥികളിൽ വളർത്തുക, പ്രകൃതിവിഭവ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ജനിപ്പിക്കുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) മികച്ച ജൈവ വൈവിധ്യ പാർക്കുകൾ സജ്ജീകരിക്കുന്ന വിദ്യാലയങ്ങൾക്ക് സർക്കാർ എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ജില്ലാതലത്തിൽ മികച്ച ജൈവവൈവിധ്യ ഉദ്യാനങ്ങൾ തെരഞ്ഞെടുക്കുകയും, അതിൽ 1,2,3 സ്ഥാനക്കാർക്ക് യഥാക്രമം 25,000/-, 20,000/-, 15,000/- രൂപ വീതവും, സംസ്ഥാനതലത്തിൽ മികച്ച ജൈവവൈവിധ്യ ഉദ്യാനങ്ങൾ തെരഞ്ഞെടുത്ത് 1,2,3 സ്ഥാനക്കാർക്ക് യഥാക്രമം 50,000/-, 30,000/-, 20,000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) പൊതുജനങ്ങൾക്ക് ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണത്തിലും പരിപോഷണത്തിലും പങ്കാളികളാകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) ഇല്ല |

| | | | |
|---|---|---|---|
| (ഡി) | സ്ഥലപരിമിതി ഉള്ള പൊതു വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യ പാർക്കുകൾ എപ്രകാരം നിർമ്മിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദീകരിക്കുമോ? | (ഡി) | ജൈവവൈവിധ്യ ഉദ്യാനം പദ്ധതിക്കായി പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാലയങ്ങളിൽ ടി പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ സ്ഥലസൗകര്യം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

Reena

സെക്ഷൻ ഓഫീസർ